LIBRARY ARCHIVES Kerala Legislative Assembly

ജല അതോറിറ്റിയിലെ നിയമനം

205 (913) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയിൽ വ്യാപകമായി പിൻവാതിൽ നിയമനം നടക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം പിൻവാതിൽ നിയമനംമൂലം ജല അതോറിറ്റിക്ക് വൻനഷ്ടവും, അതുവഴി ജല അതോറിറ്റിയിൽ വൻ അഴിമതിയും നടക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജല അതോറിറ്റിയിൽ എത്ര ജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചുവെന്നും ഏതെല്ലാം ജില്ലയിൽ എത്ര വീതമെന്നും അറിയിക്കാമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

ജല അതോറിറ്റിക്ക് പിരിഞ്ഞുകിട്ടാനുള്ള തുക

206 (914) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിക്ക് 2013-14 വർഷം വരെ പിരിഞ്ഞു കിട്ടാനുള്ള വെള്ളക്കരം എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കുടിശ്ശികയിൽ ഒരു കോടി രൂപയ്ക്കുമേൽ അടയ്ക്കാനുള്ളവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) 31-3-2014 വരെ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശികയിൽ മൂന്നുവർഷം കഴിഞ്ഞ എത്ര കുടിശ്ശികയുണ്ടെന്നും, ആയതിൽ എത്ര കുടിശ്ശികക്കാർക്കെതിരെ റവന്യൂ റിക്കവറിക്കായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-14 വർഷത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക 613.78 കോടി രൂപയായിരുന്നു. ജില്ല തിരിച്ചുള്ള ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം -1)*

(ബി) ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം -2)*

(സി) മൂന്ന് വർഷം കഴിഞ്ഞ കടിശ്ശിക 225 കോടി രൂപയാണ്. ഈ തുക പിഴയും സർചാർജ്ജും ഉൾപ്പെടെയാണ്. ആയതിൽ 6938 കടിശ്ശികക്കാർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട് കടിവെള്ള പദ്ധതി

207 (915) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട മണ്ഡലത്തിലെ മൂർക്കനാട് കടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ ;

(ബി) മൂർക്കനാട് കടിവെള്ള പദ്ധതി എന്നു കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) മൂർക്കനാട് പദ്ധതിയുടെ പൊതുഘടകങ്ങളായ കിണർ, ശുദ്ധീകരണശാല, റോവാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ട്രാൻസ്ഫോർമർ തുടങ്ങിയവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.-യിൽ നിന്നും വൈദ്യുതി ലഭ്യമാക്കാനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി ലഭ്യമായതിനുശേഷം ട്രയൽ റൺ നടത്തേണ്ടതുണ്ട്.

വിതരണശൃംഖല :

1. മൂർക്കനാട് - ആകെ 62.74 കി.മീ. അതിൽ 10.70 കി.മീ. പണി പൂർത്തീകരിച്ചു.
2. കുറവ- ആകെ 77.29 കി.മീ. അതിൽ 72.29 കി.മീ. ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
3. പുഴക്കാട്ടിരി - വടക്കാങ്ങര പ്രവൃത്തി പുരോഗതിയിലാണ്. ആകെ 43.63 കി.മീ.-ൽ 30 കി.മീ. പൂർത്തീകരിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly